# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3745 17.10.2011 - ൽ മറുപടിക്ക്

## കിഴക്കേ മഞ്ഞനക്കാട് ദ്വീപിൽ കുടിവെള്ളം എത്തിക്കുന്നതിന് സംവിധാനം

**ചോദ്യം**

ശ്രീ. എസ്. ശർമ്മ

വൈപ്പിൻ മണ്ഡലത്തിലെ കിഴക്കേ മഞ്ഞനക്കാട് ദ്വീപിൽ കുടിവെള്ളം മുടക്കമില്ലാതെ എത്തിക്കുന്നതിന് നിലവിൽ എന്ത് സംവിധാനമാണുള്ളത് എന്ന് വ്യക്തമാക്കുമോ?

**മറുപടി**

ശ്രീ. പി ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

വൈപ്പിൻ മണ്ഡലത്തിലെ കിഴക്കേ മഞ്ഞനക്കാട് ദ്വീപിലേക്ക് ബാർജ്ജിൽ വെള്ളം എത്തിച്ച് നിലവിലുള്ള 90 എം.എം പി.വി.സി പൈപ്പ് ലൈൻ ശൃംഖലയിലേക്ക് പമ്പ് ചെയ്യുകയാണ് ചെയ്യുന്നത്. ചൊവ്വ, വെള്ളി എന്നീ ദിവസങ്ങളിൽ (ആഴ്ചയിൽ 2 ദിവസം) 1 1/4 മണിക്കൂർ വീതം 1 ലക്ഷം ലിറ്റർ വീതം വെള്ളം പമ്പ് ചെയ്യുന്നു. ഈ സംവിധാനത്തിൽ പല കാരണങ്ങൾ കൊണ്ടും വെള്ളം മുടങ്ങാറുണ്ട്.

എളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം പഞ്ചായത്തുകളിൽ ജിഡയുടെ ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയിൽ സോൺ III -A യിൽ ഉൾപ്പെടുന്ന മജസ്റ്റിക് തീയറ്റർ ജംഗ്ഷൻ മുതൽ എം.ജി റോഡിലൂടെ 750 മീറ്റർ നീളത്തിൽ 200 എം എം വ്യാസമുള്ള DI പൈപ്പ് സ്ഥാപിച്ചാൽ നിലവിലുള്ള സംവിധാനം ഉപയോഗിച്ച് മഞ്ഞനക്കാട് ദ്വീപിലേക്ക് പൈപ്പ് ലൈൻ വഴി കുടിവെള്ളം എത്തിക്കുവാൻ സാധിക്കുന്നതാണ്. ടി വർക്കിന്റെ ദർഘാസ് വിളിച്ച് 23.08.2011-ൽ എഗ്രിമെന്റ് വച്ചിട്ടുണ്ട്. 6 മാസത്തിനകം പണികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ